**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 583** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭാഗ്യക്കുറി നികുതി ഈടാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽ നിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽ നിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. സമ്മാനത്തുക ഒരു വർഷം പതിനായിരം രൂപയിൽ അധികരിക്കുന്ന സാഹചര്യത്തിലാണ് ഇൻകം ടാക്സ് നിയമം നികുതി ഈടാക്കാൻ ആവശ്യപ്പെടുന്നത്. ഇൻകം ടാക്സ് നിയമം കേന്ദ്ര നിയമമായതിനാൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ഈ വിഷയത്തിൽ യാതൊരു തീരുമാനവും എടുക്കാനാവില്ല. 2010 - ലെ കേന്ദ്ര ലോട്ടറി ചട്ടങ്ങളിലെ ചട്ടം 3(18) പ്രകാരമാണ് ലോട്ടറി സമ്മാനത്തുകയിൽ നിന്നും ആദായ നികുതി ഈടാക്കുന്നത്. ലോട്ടറി സമ്മാനങ്ങൾക്ക് ആദായ നികുതി ഈടാക്കിയെന്ന് ഉറപ്പ് വരുത്തേണ്ടത് ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങളുടെ ചുമതലയാണ്. |
| (ബി) | എത്ര ശതമാനം നികുതി പിരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പ്രസ്തുത നികുതി ഈടാക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽ നിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. സമ്മാനത്തുക ഒരു വർഷം പതിനായിരത്തിൽ അധികരിക്കുന്ന സാഹചര്യത്തിലാണ് ആദായനികുതി നിയമത്തിന്റെ 115 BB വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം 30% നികുതി ഈടാക്കി വരുന്നത്. ഭാഗ്യക്കുറി ഓഫീസിൽ സമ്മാനാർഹമായ ടിക്കറ്റ് സമ്മാനാർഹർ സമർപ്പിക്കുമ്പോൾ സമ്മാനത്തുകയുടെമേൽ നികുതി ഈടാക്കാനുള്ള സംവിധാനമാണ് നിലവിലുള്ളത്. |
| (സി) | ചെറിയ സമ്മാനങ്ങൾ ലഭിക്കുന്നവരിൽ നിന്നും 30% നികുതി ഈടാക്കാനുള്ള തീരുമാനം സംസ്ഥാന ഭാഗ്യക്കുറിയുടെ വില്പനയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി ഒഴിവാക്കുമോ; വിശദാംശം നൽകാമോ; | (സി) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പതിനായിരം രൂപയിൽ താഴെയുള്ള സമ്മാനങ്ങൾ ലഭിക്കുന്നവരിൽ നിന്നും നികുതി ഈടാക്കാൻ തീരുമാനിച്ചിട്ടില്ല. സമ്മാനത്തുക ഒരു വർഷം പതിനായിരത്തിൽ അധികരിക്കുന്ന സാഹചര്യത്തിലാണ് ഇൻകം ടാക്സ് നിയമം നികുതി |

| | | | |
|---|---|---|---|
| | | | ഈടാക്കാൻ ആവശ്യപ്പെടുന്നത്. ഇൻകം ടാക്സ് നിയമം കേന്ദ്ര നിയമമായതിനാൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ഈ വിഷയത്തിൽ യാതൊരു തീരുമാനവും എടുക്കാനാവില്ല. |
| (ഡി) | സമ്മാനാർഹരായവരിൽ നിന്നും ഏജന്റുമാർ ഈടാക്കുന്ന തുക ലോട്ടറി വകുപ്പിൽ അടയ്ക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | സമ്മാനാർഹരിൽ നിന്നും ഏജന്റുമാർ തുക ഈടാക്കി ലോട്ടറി വകുപ്പിൽ അടയ്ക്കണമെന്ന് നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ